# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3711 | 20.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതകളുടെ സമഗ്രവികസനത്തിനും ശാക്തീകരണത്തിനുമായുള്ള നൂതന പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**,, പുരുഷൻ കടലുണ്ടി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് വനിതകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) വനിതകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. **സഹായഹസ്തം:** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബത്തിലെ 55 വയസ്സിന് താഴെപ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്ത് വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ ധനസഹായമായി 30,000/- രൂപ അനുവദിക്കുന്ന പദ്ധതി 2018-19 ൽ ആരംഭിച്ചു. സ്വയംതൊഴിൽ സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ നടപ്പാക്കാവുന്നതാണ്. ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രമുള്ളവർ, 18 വയസ്സിൽ താഴെ പ്രായമുള്ള മക്കളുള്ളവർ എന്നിവർക്ക് മുൻഗണന നൽകുന്നു.<br>2. **അഭയകിരണം:** അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1,000/-രൂപ വീതം ധനസഹായം നൽകുന്നു. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഗുണഭോക്താവായി തെരഞ്ഞെടുക്കുന്ന വിധവകൾക്ക് 50 വയസ്സിന് മുകളിൽ |

| | |
|---|---|
| | പ്രായമുണ്ടായിരിക്കണം.<br>3. **പടവുകൾ:** കേരളത്തിൽ വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി വിധവകളുടെ, സർക്കാർ എയ്ഡഡ് കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 2 കുട്ടികൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വാർഷിക വരുമാന പരിധി 3 ലക്ഷം രൂപ.<br>4. **മംഗല്യ-വിധവാ പുനർവിവാഹം:** വിധവകളുടെ സംരക്ഷണത്തിനും സാമൂഹ്യ പുരോഗതിയ്ക്കുമായി കേരളത്തിൽ വിപ്ലവകരമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി 18 വയസ്സിനും 50 വയസ്സിനും മദ്ധ്യേ പ്രായമുള്ള വിധവകൾ, നിയമപ്രകാരം വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർവിവാഹത്തിനായി 25,000/- രൂപ ധനസഹായം അനുവദിച്ചു നൽകുന്നു.<br>**5. സധൈര്യം മുന്നോട്ട്:** സ്ത്രീ ശാക്തീകരണ പരിപാടിയായ സധൈര്യം മുന്നോട്ട് പദ്ധതിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |
| ബി) സ്ത്രീകൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾക്ക് ഇരയായവർക്ക് മെച്ചപ്പെട്ട സംരക്ഷണ സേവനങ്ങൾ നൽകുന്നതിനും നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | ബി) വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി നിർഭയ പദ്ധതി നടപ്പാക്കി വരുന്നു. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗിക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ പോളിസി മുൻതൂക്കം |

| | |
|---|---|
| | നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ ലക്ഷ്യമിടുന്നത്.<br>ഈ പദ്ധതിയുടെ ഭാഗമായി ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം - 3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോന്നു വീതവും സന്നദ്ധ സംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ച വരുന്നു. വിമൺ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ നൽകി വരുന്നു.<br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലൈംഗിക അതിക്രമങ്ങൾ അതിജീവിച്ച 12 വയസ്സിന് താഴെയുള്ളവർക്ക് സുരക്ഷിത ഹോം ഉറപ്പാക്കുന്നതിനായി SOS മാതൃകയിൽ തിരുവനന്തപുരം ജില്ലയിൽ 16/11/2018 ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ച വരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി |

| | |
|---|---|
| | ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസലിംഗ്, പോലീസിന്റെ സഹായം, നിയമ സഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന "സഖി" വൺ സ്റ്റോപ്പ് സെന്ററുകൾ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നിലവിൽ പ്രവർത്തിക്കുന്നു.<br>ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠുരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ധനസഹായം നൽകുന്നതിനായി സ.ഉ(സാധാ) നം. 701/2018/സാനീവ തീയതി 10/12/2018 പ്രകാരം നടപ്പിലാക്കിയ ആശ്വാസനിധി പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നുണ്ട്. |
| സി) വനിതാശാക്തീകരണം, ജെൻഡർ അവബോധം തുടങ്ങിയവ സംബന്ധിച്ച് എന്തെല്ലാം അവബോധ പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | സി) വകുപ്പ് നടപ്പിലാക്കി വരുന്ന സ്ത്രീ ശാക്തീകരണ പരിപാടിയായ "സധൈര്യം മുന്നോട്ട്" പരിപാടിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഭരണഘടനയുടെ മൗലികാ-വകാശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം, പെൺകുട്ടികൾക്ക് സ്വയരക്ഷാ പരിശീലനം, സ്കൂൾ തലം മുതൽ ഡിഗ്രി തലം വരെയുള്ള വിദ്യാർത്ഥികൾക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനെസ് പ്രോഗ്രാമുകൾ മുതലായവ സംഘടിപ്പിക്കുന്നു. കേരളത്തിലെ കലാലയങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ച് "കേരള സ്ത്രീ; ഇന്നലെ - ഇന്ന് - നാളെ" എന്ന വിഷയത്തിൽ പോസ്റ്റർ |

| | |
|---|---|
| | രചനാമത്സരം സംഘടിപ്പിക്കുകയും അവർ തയ്യാറാക്കിയ മികച്ച പോസ്റ്ററുകൾ സ്ത്രീ ശാക്തീകരണ പദ്ധതികൾക്കായി വിനിയോഗിച്ചു വരികയും ചെയ്യുന്നു. വനിതാ ശാക്തീകരണം, ജെൻഡർ അവബോധം തുടങ്ങിയ വിഷയങ്ങളിൽ അംഗൻവാടി ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, രക്ഷാകർത്താക്കൾ എന്നിവർക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 വൺസ്റ്റോപ്പ് സെന്ററുകൾ മുഖേന ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു. സ്റ്റേറ്റ് നിർഭയ സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ IEC പരിപാടികൾ നടത്തി വരുന്നു. |
| ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വനിതാക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) വകുപ്പിന് കീഴിൽ മഹിളാ മന്ദിരം, ആഫ്റ്റർ കെയർ ഹോം, റസ്ക്യൂ ഹോം മുതലായവ പ്രവർത്തിച്ചു വരുന്നു. വനിതക്ഷേമ സ്ഥാപനങ്ങളിലെ അന്യസംസ്ഥാന/ അന്യരാജ്യക്കാരായ താമസക്കാരെ തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ താമസക്കാർക്ക് തൊഴിൽ പരിശീലനം, യോഗ പരിശീലനം എന്നിവ നൽകുന്നതിനും സ്ഥാപനങ്ങളുടെ നവീകരണത്തിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് താമസക്കാരുടെ ആരോഗ്യകാര്യത്തിൽ ആവശ്യമായ നടപടികളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ